# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2075** **07.03.2017**-ൽ മറുപടിക്ക്

## ഇ-ഹെൽത്ത് കേരള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.കെ.മുരളീധരൻ | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ഇ-ഹെൽത്ത് കേരള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എന്താണ് പ്രസ്തുത പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ; | എ) | ഇ-ഹെൽത്ത് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ലക്ഷ്യങ്ങൾ<br>(1) വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർവൽകൃത സംവിധാനത്തിൽ ലഭ്യമാക്കുക.<br>(2) സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽകൃത സേവനങ്ങൾ ലഭ്യമാക്കുക.<br>(3) എല്ലാ അലോപ്പതി ആശുപത്രികളേയും ഒരു വൈഡ് ഏരിയ നെറ്റ് വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിക്കുക.<br>(4) ആശുപത്രികളിൽ ചികിൽസ നടത്തുന്നവരുടെ ചികിത്സാ വിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നീട് തുടർ ചികിത്സക്കായി വീണ്ടും എത്തുമ്പോൾ അവ പ്രസ്തുത ആശുപത്രിയിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുകയും ചെയ്യുക. |
| ബി) | സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നുണ്ടോ; | ബി) | ഇ ഹെൽത്തിന്റെ ഭാഗമായ Public Health Module സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പാക്കുന്നുണ്ട്. ഈ പദ്ധതിയുടെ മറ്റൊരു ഘടകമായ ആശുപത്രി കമ്പ്യൂട്ടർ വൽക്കരണം ഏഴ് ജില്ലകളിലാണ് ആദ്യഘട്ടമായി നടപ്പാക്കുന്നത്. |
| സി) | ഈ പദ്ധതിയുടെ ആകെ അടങ്കൽ എത്രയാണ്; ഇതിന് കേന്ദ്രസർക്കാർ സഹായം നല്കുന്നുണ്ടോ; വിശദമാക്കുമോ? | സി) | ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയുടെ അടങ്കൽ തുക 96.12 കോടി രൂപയാണ്. കേന്ദ്രസർക്കാർ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിൽ 86.6945 കോടി രൂപയാണ് കേന്ദ്ര സഹായം. |

സെക്ഷൻ ഓഫീസർ